## പതിനാലാം കേരള നിയമസഭ
## ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1453

11/08/2017-ൽ മറുപടിയ്ക്ക്

## ലൈഫ് മിഷൻ

| ചോദ്യം<br>ശ്രീ.എ. പ്രദീപ്കുമാർ<br>,, പി.വി. അൻവർ<br>,, കെ. ബാബു<br>,, എം. മുകേഷ് | | മറുപടി<br>ശ്രീ.കെ.റ്റി. ജലീൽ<br>(തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് അർഹരായ എല്ലാവർക്കും പാർപ്പിടം ഉറപ്പു വരുത്തുന്നതിനുള്ള പദ്ധതിയായ ലൈഫ് മിഷന്റെ സർവ്വേ പൂർത്തീകരിച്ചിട്ടുണ്ടോ; ഇതിനായുള്ള പട്ടിക തയ്യാറാക്കൽ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ; | (എ) | ഉണ്ട്. ആയതിന്റെ കരട് പട്ടിക പ്രസിദ്ധികരിച്ചിട്ടുണ്ട്. ആയതിന്മേലുള്ള ആക്ഷേപ നിർദ്ദേശങ്ങൾ പരിഹരിച്ച് 2017 സെപ്റ്റംബർ 25-ന് അന്തിമ ലിസ്റ്റ് പ്രസിദ്ധീകരിക്കാനാണ് നിർദ്ദേശിച്ചിട്ടുള്ളത്. |
| (ബി) | ഏതെല്ലാം വിഭാഗത്തിൽപ്പെടുന്നവരെയാണ് പ്രസ്തുത പദ്ധതിയുടെ ഗുണഭോക്താക്കളായി തെരഞ്ഞെടുക്കുന്നത്; | (ബി) | ലൈഫ് മിഷന്റെ ഗുണഭോക്താക്കളായി തെരഞ്ഞെടുക്കുന്നത് നാല് വിഭാഗങ്ങളിൽപ്പെട്ടവരെയാണ്.<br>1. ഭൂമിയുള്ള ഭവനരഹിതർ<br>2. സർക്കാർ പദ്ധതികളിൽപ്പെടുത്തി ഭവന നിർമ്മാണത്തിന് സഹായ ധനം അനുവദിച്ചെങ്കിലും പൂർത്തിയാകാത്തതോ, നിലവിലുള്ള ഭവനം വാസയോഗ്യമല്ലാത്തതോ ആയ ഗുണഭോക്താക്കൾ.<br>3. പുറമ്പോക്കിലോ, തീരദേശ മേഖലയിലോ, തോട്ടം മേഖലയിലോ താൽക്കാലിക ഭവനം ഉള്ളവർ<br>4. ഭൂരഹിത ഭവനരഹിതർ<br>ഇതിൽ,<br>◦ മാനസിക വെല്ലുവിളി നേരിടുന്നവർ/ അന്ധർ/ശാരീരിക തളർച്ച സംഭവിച്ചവർ<br>◦ അഗതികൾ<br>◦ 40%-ത്തിന് മേൽ അംഗവൈകല്യമുള്ളവർ<br>◦ ഭിന്നലിംഗക്കാർ<br>◦ ഗുരുതരമാരകരോഗങ്ങളുള്ളവർ<br>◦ അവിവാഹിതരായ അമ്മമാർ |

| | | | |
|---|---|---|---|
| | | | ◦ രോഗം /അപകടത്തിൽപ്പെട്ട് ജോലി ചെയ്ത് ജീവനോപാധി കണ്ടെത്താൻ പ്രാപ്തിയില്ലാത്തവർ<br>◦ വിധവകൾ<br>◦ HIV ബാധിതർ<br>എന്നിവർ ഉൾപ്പെട്ട കുടുംബങ്ങൾക്ക് മുൻഗണന നൽകുന്നതാണ്. |
| (സി) | വീടുകളുടെ സമയബന്ധിതമായ പൂർത്തീകരണവും നിർമ്മാണ സാമഗ്രികളുടെ ലഭ്യതയും ഉറപ്പു വരുത്തുന്നതിനായി എന്തെല്ലാം നടപടികളാണ് നിലവിൽ സ്വീകരിച്ചിട്ടുള്ളത്; | (സി) | ആയതിനുള്ള നടപടികൾ പരിശോധിച്ചു വരുന്നു. |
| (ഡി) | വിദഗ്ധ തൊഴിലാളികളുടെ അഭാവവും നിർമ്മാണവസ്തുക്കളുടെ ദൗർലഭ്യവും ഉയർന്ന നിർമ്മാണ ചെലവും പ്രസ്തുത പദ്ധതിയുടെ പ്രവർത്തനങ്ങളെ പ്രതികൂലമായി ബാധിക്കുന്നുണ്ടോ; എങ്കിൽ ഇത് പരിഹരിക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ? | (ഡി) | ഉണ്ട്. വിദഗ്ധരായ തൊഴിലാളികളുടെ കുറവ് പരിഹരിക്കുന്നതിനായി കുടുംബശ്രീ സംഘടനയിലെ താത്പര്യമുള്ള അംഗങ്ങൾക്ക് പരിശീലനം നൽകി പ്രാപ്തരാക്കുന്നതിനും മിതമായ നിരക്കിൽ നിർമ്മാണ സാമഗ്രികൾ ലഭ്യമാക്കുന്നതിന് നിർമ്മാണ സാമഗ്രികൾ ലഭ്യമാക്കാൻ കഴിയുന്ന എല്ലാത്തരം സ്ഥാപനങ്ങളുമായി ചർച്ച നടത്തി പരിഹാരം ഉണ്ടാക്കുന്നതിനുമുള്ള നടപടി സ്വീകരിച്ചുവരുന്നു. |

**സെക്ഷൻ ഓഫീസർ**